# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4480 — 17/12/2014 -ൽ മറുപടിക്ക്

## മാടായി, ചെറുതാഴം-കുഞ്ഞിമംഗലം പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ടി.വി.രാജേഷ് | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ കല്യാശ്ശേരി മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന മാടായി, കണിമംഗലം-ചെറുതാഴം പഞ്ചായത്തുകൾ ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ കടന്നുപോകുന്നതിന്റെ അടുത്ത പഞ്ചായത്തുകളാണെങ്കിലും പട്ടുവം കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കി ഈ പ്രദേശത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ) | കുഞ്ഞിമംഗലം-ചെറുതാഴം പഞ്ചായത്തുകൾക്കായി ജിക്കാ പദ്ധതിയുടെ ചെനയന്നൂരിലുള്ള ഗ്രാവിറ്റി മെയിൻ സ്രോതസ്സായി ഒരു കുടിവെള്ള പദ്ധതിക്കുള്ള റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കിയിരുന്നു. എന്നാൽ വിശദമായ എഞ്ചിനീയറിംഗ് പരിശോധനയിൽ ജിക്കാ പദ്ധതിയുടെ ഗ്രാവിറ്റിമെയിനിൽ പ്രസ്തുത പദ്ധതിക്കാവശ്യമായ വെള്ളം പങ്കുവെക്കാനുള്ള ശേഷി ഇല്ലാത്തതിനാൽ ഈ പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. മാടായി പഞ്ചായത്തിൽ ജിക്കാ പദ്ധതിയുടെ കണ്ണവത്തുള്ള ടാങ്കിൽ നിന്നും 2 എം.എൽ.ഡി വെള്ളം ഉപയോഗിച്ച് ജലവിതരണം നടത്തുന്നുണ്ട്. ബാക്കി സ്ഥലങ്ങളിൽ കൂടി ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തി വരുന്നു. കുഞ്ഞിമംഗലം ചെറുതാഴം പഞ്ചായത്തുകൾക്ക് പൂർണ്ണമായും ജലവിതരണം നടത്താനുള്ള സ്രോതസ്സുകൾ ഇതിനു സമീപത്തായി ഇപ്പോൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

JSK/